(ഡി) ഈ മാസികകൾ സാധാരണയായി സർക്കാർ പ്രസ്സിലാണ് അച്ചടിക്കുന്നത്. അവിടെ അച്ചടിക്കാൻ സാങ്കേതിക ബുദ്ധിമുട്ടുകൾ ഉള്ളപ്പോൾ മറ്റ് പ്രസ്സുകളിൽ കൊടുത്ത് അച്ചടി നടത്താറുണ്ട്. ഇതിന്റെ ചെലവ് പല പ്പോഴും വ്യത്യസ്തമായിരിക്കും.

സ്വയംഭരണ സ്ഥാപനങ്ങളിലെ നിയമനങ്ങൾ

25(763) ശ്രീ. പി.കെ. കുമാരൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഇപ്പോൾ എത്ര സ്വയംഭരണ സ്ഥാപനങ്ങൾ ഉണ്ട്; അവ ഏതെല്ലാം;

(ബി) പ്രസ്തുത സ്ഥാപനങ്ങളിൽ ആകെ എത്ര ജീവനക്കാരുണ്ട്;

(സി) സ്വയംഭരണ സ്ഥാപനങ്ങളിൽ സംവരണതത്വം പൂർണ്ണമായി പാലിച്ചാൽ എത്ര പട്ടികജാതി/പട്ടികവർഗ്ഗക്കാർക്ക് ജോലി നൽകുവാൻ കഴിയും;

(ഡി) ഇത്തരം സ്ഥാപനങ്ങളിൽ നിയമനം നടത്തുമ്പോൾ സംവരണതത്വം പാലിക്കുന്നതിനുള്ള നിർദ്ദേശം ഗവൺമെന്റ് നൽകിയിട്ടുണ്ടോ;

(ഇ) സ്വയംഭരണ സ്ഥാപനങ്ങളിൽ നിയമനം നടത്തുമ്പോൾ പട്ടിക ജാതി-പട്ടികവർഗ്ഗ വിഭാഗങ്ങളിൽപ്പെട്ടവർക്ക് അർഹതപ്പെട്ട സംവരണം ഉറപ്പാക്കുവാൻ ഗവൺമെന്റ് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ)-(സി) വിവരം ശേഖരിച്ചുവരുന്നു.

(ഡി)&(ഇ) നിലവിലുള്ള വ്യവസ്ഥയനുസരിച്ച് സംവരണ വിഭാഗങ്ങൾക്ക് അർഹമായ പ്രാതിനിധ്യം ഉറപ്പാക്കണമെന്നാണ് സർക്കാരിന്റെ നയം.

കേരളാ വാണികവൈശ്യ സംഘത്തിന്റെ ഹർജി

26 (764) ശ്രീ. ഉമ്മൻചാണ്ടി : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളാ വാണികവൈശ്യ സംഘത്തിന്റെ ഭീമഹർജി ലഭിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ അതിൽ ഉന്നയിച്ചിരിക്കുന്ന ആവശ്യങ്ങൾ എന്തെല്ലാം;

(സി) ഇതു സംബന്ധിച്ച് ഗവൺമെന്റ് എന്ത് നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഇതിൽ ഉന്നയിച്ചിരിക്കുന്ന ആവശ്യങ്ങൾ താഴെപ്പറയുന്നവയാണ്.

I) വണികവൈശ്യരെ അദർ എലിജിബിൾ കമ്മ്യൂണിറ്റിയിൽ ഉൾപ്പെടുത്തി വിദ്യാഭ്യാസ ആനുകൂല്യങ്ങൾ നൽകുക.

LIBRARY ARCHIVES Kerala Legislative Assembly